**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3583** **15-02-2024 - ൽ മറുപടിയ്ക്ക്**

**നികുതിയുടെ സ്ലാബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി ഇടപാടുകളിൽ രജിസ്ട്രേഷൻ ഫീ ആയി രജിസ്ട്രാർ ഓഫീസിൽ അടക്കേണ്ടിവരുന്ന നികുതിയുടെ സ്ലാബ് വിശദമാക്കാമോ; | (എ) | 1908 -ലെ രജിസ്ട്രേഷൻ ആക്ട് വകുപ്പ് 78 പ്രകാരം കേരളത്തിലെ രജിസ്ട്രേഷൻ ഫീസ് നിരക്കുകൾ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ളതാണ്.<br><br>രജിസ്ട്രേഷൻ ഫീസ് പട്ടിക ആർട്ടിക്കിൾ 1A(1) പ്രകാരം വിലയാധാരങ്ങളുടെ രജിസ്ട്രേഷന് വസ്തുവിന്റെ ഫെയർവാല്യൂ അല്ലെങ്കിൽ യഥാർത്ഥ വില ഇതിൽ ഏതാണോ കൂടുതലായുള്ളത് ആയതിന്റെ 2 ശതമാനമാണ് രജിസ്ട്രേഷൻ ഫീസായി ഈടാക്കുന്നത്. കുടുംബാംഗങ്ങൾ തമ്മിലുള്ള ധനനിശ്ചയാധാരം, ദാനം എന്നിവയ്ക്ക് ഒരു ശതമാനം ഫീസും ഈടാക്കി വരുന്നു. |
| (ബി) | എല്ലാത്തരം ഭൂമിക്കും ഒരേ നികുതിയാണോ; വിശദമാക്കാമോ; | (ബി) | എല്ലാത്തരം ഭൂമിയുടെയും രജിസ്ട്രേഷന് വസ്തുവിന്റെ ഫെയർവാല്യൂ അല്ലെങ്കിൽ യഥാർത്ഥ വില ഇതിൽ ഏതാണോ കൂടുതലായുള്ളത് ആയതിന്റെ 2 ശതമാനമാണ് രജിസ്ട്രേഷൻ ഫീസായി ഈടാക്കുന്നത്. |
| (സി) | രജിസ്ട്രേഷൻ നടത്തുമ്പോൾ ഉപയോഗിക്കുന്ന മുദ്രപേപ്പറുകൾ, ആയതിനുള്ള സ്റ്റാമ്പ് എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകാമോ? | (സി) | ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഒരു ലക്ഷം രൂപ വരെ മുദ്രവില വരുന്ന ആധാരങ്ങൾക്ക് നിലവിൽ നോൺ ജുഡീഷ്യൽ സ്റ്റാമ്പ് പേപ്പറുകൾ സ്റ്റാമ്പ് വെണ്ടർമാരിൽ നിന്നും വാങ്ങാവുന്നതാണ്. ഒരു ലക്ഷം രൂപയിൽ കൂടുതൽ മുദ്രവില ആവശ്യമുള്ളവയ്ക്ക് നോൺ ജുഡീഷ്യൽ സ്റ്റാമ്പ് പേപ്പറുകൾ ഇ-സ്റ്റാമ്പ് രൂപത്തിലും ഉപയോഗിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ